# പതിനാലാം കേരള നിയമസഭ

## ഒമ്പതാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ.*268 — 07.02.2018-ൽ മറുപടിയ്ക്ക്

## അഴിമതിരഹിത റവന്യൂ ഭരണം

| ചോദ്യം: | മറുപടി: |
|---|---|
| ശ്രീ.എസ്.രാജേന്ദ്രൻ<br>" കെ.വി.വിജയദാസ്<br>" ജോൺ ഫെർണാണ്ടസ്<br>"ഒ. ആർ. കേളു | ഇ. ചന്ദ്രശേഖരൻ<br>റവന്യൂവും ഭവനനിർമ്മാണവും വകുപ്പ് മന്ത്രി |
| (എ) റവന്യൂ ഭരണം കാര്യക്ഷമമാക്കുന്നതിനും അഴിമതി രഹിതമാക്കുന്നതിനുമായി സ്വീകരിച്ച നടപടികൾ വിശദമാക്കാമോ; | (എ) റവന്യൂ ഭരണം കാര്യക്ഷമവും അഴിമതി രഹിതവും സുതാര്യവുമാക്കുന്നതിലേക്കായി സേവനങ്ങൾ ഓൺലൈനായി നൽകുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്. റവന്യൂ സർവ്വീസ് അഴിമതി രഹിതമാക്കുന്നതിന് വില്ലേജ്, താലൂക്ക് ആഫീസുകളിൽ വിജിലൻസ് ഡെപ്യൂട്ടി കളക്ടർമാരുടെ നേതൃത്വത്തിലും ജില്ലാ കളക്ടറേറ്റുകളിൽ ഇൻസ്പെക്ഷൻ ആന്റ് വിജിലൻസ് വിഭാഗം മിന്നൽ പരിശോധന നടത്തിയും നിരീക്ഷണ സംവിധാനങ്ങൾ ശക്തിപ്പെടുത്തിയും അഴിമതിക്കാരായ ജീവനക്കാർക്കെതിരെ അച്ചടക്ക നടപടികൾ സമയബന്ധിതമായി തീർപ്പാക്കിയും അർഹിക്കുന്ന ശിക്ഷകൾ നൽകിയും അഴിമതിക്കെതിരെ കർശന നിലപാട് സ്വീകരിച്ചു വരുന്നു. പൊതുജനങ്ങളിൽ നിന്നു ലഭ്യമാകുന്ന എല്ലാ പരാതികളിലും വിശദമായ അന്വേഷണം സമയപരിധിക്കുള്ളിൽ നടത്തി കുറ്റക്കാർക്കെതിരെ കർശന നടപടികൾ സ്വീകരിച്ചിട്ടുണ്ട്. വില്ലേജാഫീസുകളുടെ ദൈനംദിന പ്രവർത്തനങ്ങളിൽ യാതൊരു കാരണവശാലും പുറമേ നിന്നു ഇടപെടലുകൾ ഉണ്ടാകരുതെന്ന കർശന നിർദ്ദേശവും നൽകിയിട്ടുണ്ട്. അഴിമതി ആരോപണം, വിജിലൻസ് കേസുകൾ എന്നിവയിൽ ഉൾപ്പെട്ട ജീവനക്കാരെ പൊതുജന സമ്പർക്കം കുറഞ്ഞ തസ്തികകളിലേക്ക് സ്ഥലം മാറ്റി നിയമിച്ചിട്ടുണ്ട്. ഫയലുകളിലെ നടപടി |

രാഹിത്യം, കാലതാമസം എന്നിവ ഒഴിവാക്കുന്നതിന് ജാഗ്രത നിർദ്ദേശം എല്ലാ ജില്ലാ കളക്ടർമാർക്കും നൽകി റവന്യൂ ഭരണം അഴിമതി രഹിതമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.

(ബി) ഓൺലൈനായി കരമടയ്ക്കുന്നതിനും പോക്കുവരവ് ചെയ്യുന്നതിനും കാര്യക്ഷമമായ സംവിധാനം ഏർപ്പെട്ടുത്തിയിട്ടുണ്ടോ എന്നറിയിക്കാമോ?

(ബി) സംസ്ഥാനത്ത് ആകെയുള്ള 1664 വില്ലേജുകളിൽ, ഓൺലൈൻ പോക്കുവരവ് സംവിധാനം നടപ്പിലാക്കിയിട്ടുള്ള 1440 വില്ലേജുകളിൽ ഓൺലൈൻ പോക്കുവരവ്, ഓൺലൈൻ ഭൂനികുതി എന്നിവ നടപ്പിലാക്കിയിട്ടുണ്ട്. സമഗ്രമായ ഒരു ഇ-പേയ്മെന്റ് സംവിധാനം വയനാട്, എറണാകുളം, പത്തനംതിട്ട ജില്ലകളിൽ പരീക്ഷണാടിസ്ഥാനത്തിൽ നടപ്പിലാക്കി വരുന്നു.

സെക്ഷൻ ഓഫീസർ